# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5849   04.11.2016 ൽ മറുപടിക്ക്**

**വെട്ടിപ്പൊളിച്ച റോഡുകളുടെ പുനർനിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) വിവിധ പദ്ധതികൾക്ക് റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ, അവ യഥാസമയം പുന:സ്ഥാപിക്കപ്പെടുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഒരു മോണിട്ടറിംഗ് സംവിധാനം കൊണ്ടു വരുന്ന കാര്യം പരിശോധിക്കുമോ; | എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ അവ യഥാസമയം പുന:സ്ഥാപിക്കുന്നതിനായി വേണ്ടി വരുന്ന തുക പൊതുമരാമത്ത് വകുപ്പിനു കൈമാറിയതിനു ശേഷം മാത്രമേ പ്രവർത്തിക്കായുള്ള അനുമതി നൽകാറുള്ളു. ഈ തുക ഉപയോഗിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് പുനരുദ്ധാരണ പണികൾ ചെയ്തു വരുന്നു.<br><br>ജില്ലാ കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി പ്രകാരം നിയമ പ്രകാരമുള്ള തുക റെസ്റ്റോറേഷൻ ഇനത്തിൽ അടച്ച മാത്രമേ റോഡുകൾ വെട്ടിപ്പൊളിക്കാൻ ദേശീയപാത വിഭാഗം അനുമതി നൽകുകയുള്ളു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പബ്ലിക് യൂട്ടിലിറ്റി കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് റോഡ് കുഴിക്കുന്നതിന് നിലവിൽ അനുവാദം നൽകുന്നത്. റോഡ് കുഴിച്ചതിനു ശേഷം അടിയന്തിരമായി പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം കുഴികൾ മൂടുകയും ശരിയായ രീതിയിൽ താൽക്കാലിക റെസ്റ്റോറേഷൻ പ്രവൃത്തി നടത്തി |

റോഡ് പൂർവ്വ സ്ഥിതിയിലാക്കുകയും വേണം എന്ന വ്യവസ്ഥയിലാണ് അനുവാദം കൊടുക്കാറുള്ളത്. പൊതുമരാമത്ത് വകുപ്പ് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിന് ഇരുവശങ്ങളിലും യൂട്ടിലിറ്റി ഡക്ടുകൾ നിർമ്മിക്കുന്നുണ്ട്.

ബി) വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതികൾ കാര്യക്ഷമമല്ല എന്ന കാര്യം പരിശോധിച്ച് വകുപ്പ് നേരിട്ട് അതതു സെക്ഷനുകൾ മുഖേന പൊളിച്ച റോഡുകളുടെ പാച്ചുവർക്കുകൾ തീർക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ബി) ജില്ലാ കളക്ടറുടെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം സുഗമമായി നടന്നു വരികയാണ്. വെട്ടിപ്പൊളിച്ച റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നത് അതാത് സെക്ഷനുകൾ തന്നെയാണ്. ഇവ യഥാസമയം ചെയ്ത് തീർക്കുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ